പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നം : 99

21.03.2013-ൽ മറുപടി നൽകേണ്ടത്

## ഭൂമി കയ്യേറ്റം തടയുന്നതിനു സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>,, കെ. കെ. ജയചന്ദ്രൻ<br>,, എസ്. രാജേന്ദ്രൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ മന്ത്രി) |
| (എ)മൂന്നാറിലും പരിസരപ്രദേശങ്ങളിലും വ്യാപകമായ ഭൂമി കയ്യേറ്റം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) മൂന്നാറിലും പരിസരപ്രദേശങ്ങളിലും വ്യാപകമായ കയ്യേറ്റങ്ങൾ നടക്കുന്നുണ്ടെന്ന ദൃശ്യ പത്ര മാധ്യമങ്ങളുടെ വാർത്തയെ തുടർന്ന് വിശദമായ പരിശോധന നടത്തിയതിൽ പള്ളിവാസൽ വില്ലേജിൽ കടുവാപ്പാറ ഭാഗത്ത് ബ്ലോക്ക് നമ്പർ 13-ൽ സർവ്വേ നമ്പർ 127- ൽ മുൻ സർക്കാരിന്റെ കാലത്ത് കയ്യേറ്റം ഒഴിപ്പിച്ച് ഏറ്റെടുത്തതായ ഭൂമി, കൈയ്യേറി കുടിലുകൾ കെട്ടിയതായി കണ്ടെത്തുകയും ആയവ പൊളിച്ച് നീക്കി കത്തിച്ചുകളഞ്ഞ് കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുള്ളതുമാണ്.<br><br>അതുപോലെ കെ.ഡി.എച്ച്. വില്ലേജിൽ സർവ്വേ നമ്പർ 20/1- ൽ 4 കയ്യേറ്റങ്ങൾ കണ്ടെത്തുകയും ഭൂസംരക്ഷണ സേനയുടെ നേതൃത്വത്തിൽ പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ഏറ്റെടുത്തിട്ടുമുണ്ട്. കൂടാതെ സർവ്വേ നമ്പർ 843- ലും 912 ലും കുടിലുകൾ കെട്ടി നടത്തിയ കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുണ്ട്. |

(ബി)ഭൂമി കയ്യേറ്റം നടക്കുന്നതു സംബന്ധിച്ച ഇന്റലിജൻസ് റിപ്പോർട്ട് റവന്യൂ വകുപ്പിനു ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടിയെന്തെന്ന് വിശദമാക്കുമോ;

(ബി) മൂന്നാറിനു സമീപം വട്ടവട വില്ലേജിൽ കടവരി എന്ന സ്ഥലത്ത് ഒരു സ്വകാര്യ വ്യക്തി വ്യാജ പ്രമാണങ്ങൾ നിർമ്മിച്ച് സർക്കാർ ഭൂമി കയ്യേറിയതായുള്ള ഇന്റലിജൻസ് റിപ്പോർട്ടിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ റവന്യൂ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി)മുൻസർക്കാരിന്റെ കാലത്ത് ഒഴിപ്പിച്ചെടുത്ത ഭൂമിപോലും വീണ്ടും കയ്യേറ്റക്കാർ കൈവശപ്പെടുത്തിയിട്ടുള്ളതായി അറിയാമോ;

(സി) ദേവികുളം താലൂക്കിലെ മേൽപ്പറഞ്ഞ സ്ഥലത്തെ കയ്യേറ്റങ്ങൾ മുൻ സർക്കാരിന്റെ കാലത്ത് ഒഴിപ്പിച്ച് ഏറ്റെടുക്കുകയും സർക്കാർ ഭൂമിയെന്ന ബോർഡ് സ്ഥാപിക്കുകയും ചെയ്തിരിക്കുന്ന പ്രദേശങ്ങളാണ്. മൂന്നാർ കോളനി ഭാഗത്ത് വീണ്ടും കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കുടിലുകൾ പൊളിച്ച് നീക്കി കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്. കൂടാതെ കുറ്റ്യാർ വാലി പ്രദേശത്ത് മുൻ സർക്കാരിന്റെ കാലത്ത് 5 സെന്റ് വീതം പതിവനുവദിച്ച ഭൂമിയിൽ ഒരു പറ്റം ആൾക്കാർ കയ്യേറിയത് ഒഴിപ്പിക്കുകയും കയ്യേറ്റക്കാർ സ്ഥാപിച്ച അതിരടയാളങ്ങൾ നീക്കം ചെയ്തിട്ടുള്ളതുമാണ്. പട്ടിക വർഗ്ഗ പെൺകുട്ടികൾക്കുള്ള ഗവൺമെന്റ് പ്രീമെട്രിക് ഹോസ്റ്റലിന് സമീപം കണ്ടെത്തിയ അനധികൃത കയ്യേറ്റങ്ങൾ തടയുന്നതിന് കർശന നടപടി സ്വീകരിച്ചിട്ടുണ്ട്.

ഉടുമ്പൻചോല താലൂക്കിൽ ചിന്നക്കനാൽ വില്ലേജിൽ സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിച്ച് ഭൂമി സർക്കാർ കസ്റ്റഡിയിൽ സംരക്ഷിച്ചു വരുന്നു.

| | |
|---|---|
| (ഡി)വൻകിട കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനും, കയ്യേറിയ ഭൂമി തിരിച്ചുപിടിച്ച് സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് സർക്കാരിലേയ്ക്ക് ഭൂമി മുതൽക്കൂട്ടുകയെന്നതാണ് സർക്കാർ നയം. |

സെക്ഷൻ ഓഫീസർ